# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*141

31-01-2018 ൽ മറുപടിയ്ക്ക്

## കാർഷിക രംഗത്ത് സുസ്ഥിര വരുമാനം

**ചോദ്യം**
ശ്രീ.സി.കൃഷ്ണൻ
,, ആർ. രാജേഷ്
,, സി. കെ. ശശീന്ദ്രൻ
,, കെ. ബാബു

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പച്ചക്കറിയുല്പാദനത്തിൽ സ്വയം പര്യാപ്തത നേടാനും അരിയ്ക്കായി ഇതര സംസ്ഥാനങ്ങളെ അമിതമായി ആശ്രയിക്കുന്നത് കുറയ്ക്കാനും നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ; | (എ) | പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ ഇതര സംസ്ഥാനങ്ങളിലെ വിഷലിപ്തമായ പച്ചക്കറിയെ ആശ്രയിക്കേണ്ടിവരുന്നതിന്റെ തോത് കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2017-18-ൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു പ്രകാരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1.വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം<br>2.മട്ടുപ്പാവ് കൃഷി പ്രോത്സാഹനം.<br>3.സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി<br>4.പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം തുടങ്ങിയവ.<br>5.ജില്ലാ ക്ലസ്റ്റർ വികസനം.<br>6.സാങ്കേതിക സഹായവും കരാർ നിയമനവും<br>7.ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം<br>8.നഴ്സറികൾ സ്ഥാപിക്കൽ<br>9.സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും.<br>10.പച്ചക്കറി സംഭരണത്തിനുള്ള ശീതീകരണ അറകളുടെ പ്രോത്സാഹനം<br>11.പച്ചക്കറി കൃഷിയ്ക്കു വേണ്ടി 'മിനി-പോളീഹൗസ്'-കളുടെ പ്രോത്സാഹനം<br>12. 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ<br>13.കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ ഏജന്റ്' നിർമ്മാണം |

| | | | |
|---|---|---|---|
| | | | 14.മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം<br>15.ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം<br>16.'സേഫ്-ടു-ഈറ്റ്-ബ്രാൻഡിംഗ്' പദ്ധതി വഴി സഹായം<br>17.അവാർഡ് വിതരണം<br>18.ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം<br>19.മഴമറ നിർമ്മാണം<br>20.പദ്ധതിയുടെ ബാഹ്യ നിരീക്ഷണം<br>21.ഡിജിറ്റൽ ഡോക്യുമെന്റേഷൻ<br>22.കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള അധിക സഹായം.<br>23.വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസന പദ്ധതികൾക്കായി ധനസഹായം.<br>അരിയ്ക്കായി ഇതര സംസ്ഥാനങ്ങളെ അമിതമായി ആശ്രയിക്കുന്നത് കുറയ്ക്കാനായി 2017-18 ൽ നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃതപദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സുസ്ഥിര നെൽകൃഷി വികസനം.<br>2.വികസന ഏജൻസികൾക്കുള്ള ഫണ്ട്.<br>3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം.<br>4.പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി.<br>5.കരനെൽകൃഷി വികസനം.<br>6.തരിശുനില കൃഷി.<br>7.ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്ക് ധനസഹായം.<br>8.പദ്ധതിയധിഷ്ഠിത ധനസഹായം.<br>9.നെൽ കൃഷിയിൽ നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം.<br>10.ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം.<br>11.റൈസ് മില്ലുകൾ സ്ഥാപിക്കൽ.<br>12.നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ).<br>13.കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ). |
| (ബി) | നെൽകൃഷി വ്യാപനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും പ്രത്യേക കാർഷിക മേഖല പ്രഖ്യാപനം | (ബി) | നെൽകൃഷി വ്യാപനത്തിനായി 2017-18-ൽ നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃതപദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി നെൽകൃഷിയുടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നത് ലക്ഷ്യമിട്ടുള്ള- |

| | | | |
|---|---|---|---|
| | ഭക്ഷ്യവിള വ്യാപനത്തിനായി എങ്ങനെ പ്രയോജനപ്രദമാകുമെന്നും വ്യക്തമാക്കാമോ; | | താണ്. പദ്ധതിയുടെ വിവിധ ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. സുസ്ഥിര നെൽകൃഷി വികസനം.<br>2.വികസന ഏജൻസികൾക്കുള്ള ഫണ്ട്.<br>3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം.<br>4.പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി.<br>5.കരനെൽകൃഷി വികസനം.<br>6.തരിശുനില കൃഷി.<br>7.ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്കുള്ള ധനസഹായം.<br>8.പദ്ധതിയധിഷ്ഠിത ധനസഹായം.<br>9.നെൽ കൃഷിയിൽ നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം.<br>10.ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം.<br>11.റൈസ് മില്ലുകൾ സ്ഥാപിക്കൽ.<br>12.നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ).<br>13.കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ).<br>**<u>പ്രത്യേക കാർഷിക മേഖലകൾ</u>**<br>ഓരോ വിളയുടെ കൃഷിക്ക് തികച്ചും അനുയോജ്യമായ കാർഷിക കാലാവസ്ഥ നിലനിൽക്കുന്ന ഭൂപ്രദേശത്തെയാണ് പ്രത്യേക കാർഷിക മേഖലയായി കണക്കാക്കുന്നത്. ഇത്തരം മേഖലകളിൽ വിത്തുമുതൽ വിളവെട്ടുപ്പുവരെയുള്ള വിവിധ ഉത്തമ കാർഷിക പ്രവർത്തനങ്ങളും വിളവെട്ടുപ്പിന് ശേഷമുള്ള പരിചരണവും മൂല്യവർദ്ധനയും മെച്ചപ്പെട്ട വിപണന സംവിധാനവും സംയോജിപ്പിച്ച് നടപ്പിലാക്കുവാനാണ് വിഭാവനം ചെയ്യുന്നത്. അതുവഴി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട വിപണനത്തിലൂടെ ഉല്പാദകരായ കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കുവാനും ലക്ഷ്യമിടുന്നു.<br>കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ പ്രത്യേക കാർഷിക മേഖലകളിൽ സംയോജിപ്പിച്ച് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇവയിൽ നിന്നുള്ള ധനസഹായം കൂടാതെ മേഖല പ്രദേശത്ത് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനവും മറ്റ് അവശ്യ ഇടപെടലുകൾക്കുമായി പ്രത്യേകകാർഷിക മേഖല എന്ന പദ്ധതിയിൽ 2017-18 ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. ഇതുവഴി കേരളത്തിലെ ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറി, വാഴ |

| | | | |
|---|---|---|---|
| | | | എന്നിവയുടെ കൃഷി അഭിവൃദ്ധിപ്പെടുത്തുവാനും ആഭ്യന്തരഉല്പാദനം പരമാവധി വർദ്ധിപ്പിക്കുവാനും ഭക്ഷ്യോൽപ്പന്നങ്ങൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുവാനും ഉദ്ദേശിക്കുന്നു.<br>കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട് എന്നിവയാണ് നെല്ലിന്റെ പ്രത്യേക കാർഷിക മേഖലകൾ.<br>ദേവികുളം, കഞ്ചിക്കോട്, പഴയന്നൂർ, ചിറ്റൂർ, നെന്മാറ എന്നിവയാണ് പച്ചക്കറിയുടെ പ്രത്യേക കാർഷിക മേഖല. |
| (സി) | ഉല്പാദന ചെലവിന് അനുസൃതമായ വില നെല്ലിന് ലഭിക്കാത്തതും സർക്കാർ സംഭരിക്കുന്ന നെല്ലിന്റെ വില ലഭിക്കാൻ ഏറെ വൈകുന്നതും, നെൽകൃഷിക്ക് മുതൽമുടക്കുന്നത് അസാധ്യമാക്കിയിരി- ക്കുന്നത് പരിഹരിച്ച് കാർഷിക രംഗത്ത് സുസ്ഥിര വരുമാനം ഉറപ്പാക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കാമോ ? | (സി) | കാർഷിക രംഗത്ത് സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിന് നെല്ലിന് കിലോക്ക് 23.30 രൂപ നൽകി സംഭരിച്ചു വരുന്നു. ഇതിൽ കേന്ദ്രസർക്കാർ വിഹിതം 15.50 രൂപയും സംസ്ഥാന വിഹിതം 7.80 രൂപയുമാണ്. നിലവിൽ നെല്ലിന്റെ സംഭരണവില ബാങ്ക് മുഖേന പി.ആർ.എസ്. (Paddy Receipt Sheet) ലോണിലൂടെ കർഷകർക്ക് നൽകി വരുന്നു. നെൽകൃഷിയുടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് (ബി) പിരിവിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ